# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:*337** **24.06.2014 ൽ മറുപടിക്ക്**

**<u>പാളം മുറിച്ചു കടക്കുമ്പോഴുണ്ടാകുന്ന അപകടങ്ങൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക്:<br>" കെ. മുഹമ്മദുണ്ണി ഹാജി:<br>" അബ്ദുറഹിമാൻ രണ്ടത്താണി:<br>" എം. ഉമ്മർ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | റെയിൽവേ പാളം മുറിച്ചുകടക്കുമ്പോഴുണ്ടാകുന്ന അപകടങ്ങളും മരണനിരക്കും വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അതു തടയുന്നതിനായി എന്തെങ്കിലും പ്രായോഗിക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | റെയിൽവേ പാളം മുറിച്ചുകടക്കുക എന്നത് റെയിൽവേ നിയമപ്രകാരം കുറ്റാർഹമായ ശിക്ഷയാണ്. എന്നിരുന്നാലും അത്തരം അപകടങ്ങൾ തടയുവാൻ സംസ്ഥാന പോലീസും റെയിൽവേയും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ജനവാസമേഖലകളിലൂടെയുള്ള ട്രാക്കുകളുടെ എണ്ണക്കൂടുതലും ഇലക്ട്രിക് ട്രെയിനുകളുടെ വേഗതയും താരതമ്യേന വളരെ കുറഞ്ഞ ശബ്ദവും കാൽനടക്കാർ കൂടുതലായി അപകടത്തിൽ പ്പെടുന്നതിന് കാരണമാവുന്നു എന്നത് കണക്കിലെടുത്ത് ആവശ്യമായ അപകട നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (സി) | നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. വൈദ്യുതി ട്രെയിനുകളിൽ ശക്തിയേറിയ **Two Directional** ഹോണുകൾ ഉപയോഗിച്ചുവരുന്നു. ജനസാന്ദ്രത കൂടിയ സ്ഥലങ്ങളിൽ ആളുകൾ പാളം മുറിച്ച് കടക്കുന്നത് തടയാൻ റെയിൽവേ വേലികൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ആളുകൾ സ്ഥിരമായി റെയിൽ പാളം മുറിച്ചു കടക്കുന്ന സ്ഥലങ്ങളിൽ അത്തരക്കാരെ നിരുത്സാഹപ്പെടുത്താനായി റെയിൽവേ അപായബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ തടയുന്നതിനായി സംസ്ഥാന പോലീസ് ഉദ്യോഗസ്ഥരെ റെയിൽവേ ക്രോസിംഗുകളിൽ ഡ്യൂട്ടിയ്ക്കായി നിയോഗിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ